പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3461

20.06.2018 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസിന്റെ സമ്പൂർണ്ണ ഭവന സന്ദർശന യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസിന്റെ ഭാഗമായി കേരളത്തിലെ നഗര കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ഭവന സന്ദർശന യജ്ഞം പരിപാടിയിലൂടെ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കുമോ; | എ) ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം തുടക്കം കുറിച്ച സമ്പൂർണ്ണ ഭവന സന്ദർശനം നഗര കേന്ദ്രീകൃത പ്രദേശങ്ങളിൽ മാത്രമല്ല മുഴുവൻ പ്രദേശങ്ങളിലും നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ ജനമൈത്രി ജില്ലാ നോഡൽ ഓഫീസർ, ഇൻസ്പെക്ടർമാർ, എസ്.എച്ച്.ഒമാർ, സി.ആർ.ഒമാർ, ബീറ്റ് ഓഫീസർമാർ. അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, എന്നിവർ ഉൾപ്പെടുന്ന സംഘം ഭവനസന്ദർശനത്തിനായി പ്രവർത്തിച്ച് വരുന്നു.<br>ജനമൈത്രി പോലീസിന്റെ മുഖമുദ്രയാണ് ഭവനസന്ദർശനം. ഇതിലൂടെ പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുവാനും അവരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കുവാനും ആയതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കുവാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കുവാനും സാധിച്ചിട്ടുണ്ട്. |
| ബി) ഇത് ഏതെല്ലാം നഗര പ്രദേശങ്ങളിലാണ് നടപ്പിലാക്കിയത്;<br>സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത നഗര പ്രദേശങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | ബി) യും സി) യും കേരളത്തിലെ നഗര കേന്ദ്രീകൃത പ്രദേശങ്ങളിലുൾപ്പെടെ എല്ലാ പ്രദേശങ്ങളിലും ഭവനസന്ദർശനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ